No.CEE/2242/2017/NPMDC-2017/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2017-ലെ നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനം

### കോളേജുകൾ അടിസ്ഥാന വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം

2017-18 അദ്ധ്യയന വർഷം കേരളത്തിലെ ബി.എസ്.സി നഴ്സിംഗ്, വിവിധ പരാമെഡിക്കൽ ഡിഗ്രി കോഴ്സുകൾ എന്നിവയിലേയ്ക്കുള്ള പ്രവേശനം സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറെ ഏൽപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബി.എസ്.സി നഴ്സിംഗ് കോഴ്സിലും, വിവിധ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലും നിലവിലുള്ള കോളേജുകൾ അവരുടെ അടിസ്ഥാന വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഇ-മെയിൽ മുഖേന ലഭ്യമാക്കേണ്ടതാണ്. പ്രൊഫോർമ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച പ്രൊഫോർമ, 2017–18 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനുള്ള കേന്ദ്ര/സംസ്ഥാന അധികാരികളിൽ നിന്നുള്ള അനുമതി പത്രം, യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉത്തരവ് എന്നിവ **ceekinfo@cee.kerala.gov.in** എന്ന ഇ-മെയിലിൽ **08.07.2017** ന് വൈകുന്നേരം **5** മണിയ്ക്ക് മുൻപായി ലഭ്യമാക്കേണ്ടതാണ്.

തിരുവനന്തപുരം
06.07.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**